## പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1300 — 20.03.2012-ൽ മറുപടിയ്ക്ക്

### ആഭ്യന്തര-വിദേശ ടൂറിസ്റ്റുകൾ വഴിയുള്ള സാമ്പത്തികനേട്ടം

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. ടി. എം. തോമസ് ഐസക് | ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ഈ വർഷം വന്ന ആഭ്യന്തര - വിദേശടൂറിസ്റ്റുകളെയും, അതുവഴിയുള്ള സാമ്പത്തിക നേട്ടവും സംബന്ധിച്ച് ശേഖരിച്ച സ്ഥിതിവിവര കണക്കുകൾ വെളിപ്പെടുത്തുമോ; | (എ) സംസ്ഥാനത്ത് 2011 വർഷം 7,32,985 വിദേശ വിനോദ സഞ്ചാരികളും 93,81,455 ആഭ്യന്തര സഞ്ചാരികളും സന്ദർശനം നടത്തിയതായി കണക്കാക്കിയിട്ടുണ്ട്. ഇതു വഴി വിനോദ സഞ്ചാര മേഖലയിൽ നിന്നും 2011 വർഷം മൊത്തം 19037 കോടി രൂപയുടെ വരുമാനം ലഭിച്ചതായി കണക്കാക്കുന്നു. |
| (ബി) മുൻവർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് ഈ വർഷം ഇതുവരെയുള്ള ടൂറിസ്റ്റുകളുടെ വരവിലുണ്ടായ ഏറ്റക്കുറച്ചിലുകൾ വിശദമാക്കുമോ? | (ബി) മുൻവർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 11.18 ശതമാനവും ആഭ്യന്തര സഞ്ചാരികളുടെ എണ്ണത്തിൽ 9.15 ശതമാനവും വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ